# പതിനാലാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 796 — 9/08/2017-ൽ മറുപടിയ്ക്ക്

## വനവന്യമൃഗ സംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ബഷീർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വനഭൂമി സംരക്ഷിക്കാനും, സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വന്യമൃഗ സംരക്ഷണത്തിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കൈയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർലൈനുകൾ നിർമ്മിക്കുകയും ഫയർവാച്ചർമാരെ നിയോഗിക്കുകയുംചെയ്യുന്നു.<br><br>സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്റെ മരം പദ്ധതി, നമ്മുടെ മരം പദ്ധതി, വഴിയോരത്തണൽ, സ്കൂളിൽ ഒരു ഔഷധത്തോട്ടം, ബീച്ച് പ്ലാന്റിങ്ങ്, നക്ഷത്രവനം, കുട്ടിവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിങ്ങ്. സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ, വനമിത്ര അവാർഡു നൽകൽ, കാവുകൾക്ക് ധനസഹായം നൽകൽ തുടങ്ങി വിവിധയിനം പരിപാടികൾ നടത്തിവരുന്നു<br><br>വന്യമൃഗ സംരക്ഷണത്തിനായി സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം, എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ 'വന്യജീവി ആവാസ വ്യവസ്ഥയുടെ സമഗ്ര വികസനം', വനമേഖലയുടെ ജൈവവൈവിധ്യ സംരക്ഷണത്തിന് കാവുകൾ, കണ്ടൽക്കാടുകൾ എന്നിവയുടെ സംരക്ഷണത്തിനായി 'ജൈവവൈവിധ്യ സംരക്ഷണം' എന്ന പദ്ധതി, വനാശ്രിതരുടെ വനത്തിൻമേലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനായി 'ഇക്കോഡെവലപ്മെന്റ് പദ്ധതി', ജീവസന്ധാരണവും ജൈവവൈവിധ്യ സംരക്ഷണവും ലക്ഷ്യമായിട്ടുള്ള |

'ബയോസ്ഫിയർ റിസർവ് പദ്ധതി', കാട്ടാനയുടെ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനുള്ള 'പ്രോജക്ട് എലിഫന്റ് പദ്ധതി', കടുവകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള പ്രോജക്ട് ടൈഗർ പദ്ധതി ' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്

ബി) സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണ മുൾപ്പെടെ പ്രോത്സാഹിപ്പിക്കാനും, വന്യജീവി സംരക്ഷണത്തിനും ആയി എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പിലാക്കി വരുന്നത്എന്ന് വ്യക്തമാക്കാമോ; നടപ്പ് വർഷം ഓരോന്നിനും എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തി വിവിധയിനം ഫലവൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 2017-ലെ ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്നതിനായി വൃക്ഷതൈകൾ ഉത്പാദിപ്പിച്ച വകയിൽ 734.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്

വന്യജീവി സംരക്ഷണത്തിനായി കേന്ദ്ര-സംസ്ഥാന സഹായത്തോടെ മുൻ വർഷങ്ങളിൽ തുടങ്ങിയതും നടപ്പു വർഷം തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരംചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | വിശദ വിവരം | നടപ്പു സാമ്പത്തിക വർഷം ചെലവഴിച്ച തുക |
|---|---|---|
| വന്യജീവി ആവാസ വ്യവസ്ഥകളുടെ സംയോജിത വികസനം | 15 വന്യജീവി സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, 1 കമ്മ്യൂണിറ്റി റിസർവ് എന്നിവയുമായി ബന്ധപ്പെട്ട വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു | 238.06 ലക്ഷം രൂപ |
| പ്രോജക്ട് ടൈഗർ | സംസ്ഥാനത്തിനകത്ത് 2 കടുവാ സങ്കേതങ്ങളിലെ കടുവവാസംരസംരക്ഷണത്തിന് പ്രാധാന്യം നൽകി വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. | 129.20 ലക്ഷം രൂപ |
| പ്രോജക്ട് എലിഫന്റ് | സംസ്ഥാനത്തെ 4 എലിഫന്റ് റിസർവുകളായി തിരിച്ച് ആന പരിപാലനത്തിന് പ്രാധാന്യം നൽകി വന്യജീവികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. | കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. |

സി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് കൃത്യമായ വിലയിരുത്തലും പരിപാലനവും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക

സി) വനംവകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ മറ്റുവകുപ്പിലെ ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും പി.റ്റി.എ. പ്രതിനിധികളെയും സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും, എൻ.ജി.ഒ. പ്രതിനിധികളെയും ഉൾപ്പെടുത്തി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികളാണ് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് കൃത്യമായ വിലയിരുത്തലും പരിപാലനവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ഇതിനായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെയും പൊതു വിദ്യാഭ്യാസവകുപ്പിന്റെയും തദ്ദേശസ്വയംഭരണവകുപ്പിന്റെയം സർക്കുലർ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ